(സി) ഈ പദ്ധതി എന്നേയ്ക്കു പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോത്തുണ്ടി ജല വിതരണ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിയില്ല. എന്നാൽ നെല്ലൂർ, നെൻമാറ, മേലാർകോട് എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കത്തക്കവണ്ണം ഒരു സംയുക്ത ശുദ്ധജലവിതരണ പദ്ധതിയുടെ പണി നടന്നു വരുന്നു. ഈ പദ്ധതിയുടെ ഉറവിടം പോത്തുണ്ടി ജല സംഭരണിയാണ്. 48 ലക്ഷം ഉറുപ്പിക മതിപ്പു ചെലവുവരുന്ന ഈ പദ്ധതിക്കു 1979 ജനുവരി മാസം അവസാനം വരെ 13,45,000 രൂപ ചെലവായിട്ടുണ്ട്.

(ബി) ഐലൂർ, നെൻമാറ സംയുക്ത ശുദ്ധജല വിതരണ പദ്ധതികൊണ്ട് ഐലൂർ, നെൻമാറ, മേലാർകോട് എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കും.

(സി) പ്രസ്തുത പദ്ധതിക്കു ആവശ്യമുള്ള പണം ലഭ്യമാവുകയാണെങ്കിൽ 1982-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വണ്ടിപ്പെരിയാർ ടൗണിലെ ശുദ്ധജല വിതരണം

799 [1188] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ ടൗണിൽ ഇന്നുള്ള ശുദ്ധജല വിതരണ ഏർപ്പാടുകൾ തികച്ചും അപര്യാപ്തമായതിനാൽ അവിടെ ഒരു ടൗവ്വർടാങ്ക് നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) ടൗവ്വർടാങ്ക് കെട്ടുന്നതിനുള്ള കാലതാമസത്തിനു കാരണമെന്ത്?

ഉത്തരം

(എ) ഇപ്പോഴുള്ള ജലസംഭരണിയിൽനിന്നും പ്രത്യേക കുഴലുകൾ സ്ഥാപിച്ച് വണ്ടിപ്പെരിയാർ ടൗണിൽ ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് ജല വിതരണം നടത്തുന്നതിലേക്കായി ഒരു പുതിയ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിഹിതം അടച്ചു കഴിഞ്ഞാൽ ഉടൻതന്നെ പണികൾ ആരംഭിക്കുന്നതാണ്.

(ബി) ടൗവ്വർടാങ്ക് പണിയുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല.

ഇടുക്കി ജില്ലയിലെ ശുദ്ധജല വിതരണം

800 [1189] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ കുമിളി, വാഗമൺ, കുട്ടിക്കാനം, പളളിക്കുന്ന്, പശുപ്പാറ, മുളംകുന്ന് എന്നീ പ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിനുള്ള നടപടികൾ എത്രത്തോളമായി?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മുളംകുന്ന് ശുദ്ധജല വിതരണ പദ്ധതിയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുമിളി ശുദ്ധജല വിതരണ പദ്ധതിയുടെ പണി ടെൻറർ ചെയ്തു കഴിഞ്ഞു.

വാഗമൺ, കുട്ടിക്കാനം, പള്ളിക്കുന്ന് എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് പുതുക്കിക്കൊണ്ടിരിക്കുന്നു. അതു കഴിഞ്ഞാലുടൻ തന്നെ ടെൻറർ ചെയ്യുന്നതാണ്. പശുപ്പാറ പദ്ധതിയുടെ വിശദാന്വേഷണങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടില്ല.

ഏലപ്പാറ ടൗണിൽ ശുദ്ധജലവിതരണം

801 [1190] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലപ്പാറ ടൗണിൽ ശുദ്ധജല വിതരണത്തിനു ഏതെങ്കിലും പുതിയ പദ്ധതി ആരംഭിക്കുന്നുണ്ടോ;

(ബി) ഇതേക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ജോലി എന്നത്തേക്കു പൂർത്തിയാകും?

ഉത്തരം

(എ,ബി) ഏലപ്പാറ ടൗണിൽ ഒരു പുതിയ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി പ്രാരംഭ അന്വേഷണം നടത്തുന്നതിനുള്ള അപേക്ഷ പ്രസ്തുത പഞ്ചായത്തിൽനിന്നും കിട്ടിയതനുസരിച്ച് പ്രാരംഭാന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേരള ഗ്രാമ വികസന ബോർഡ് നിശ്ചയിക്കുന്ന മുൻഗണനാക്രമമനുസരിച്ച് വിശദമായ അന്വേഷണം പൂർത്തിയാക്കുന്നതാണ്.

പാമ്പനാറിലെ ശുദ്ധജല വിതരണം

802 [1191] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ പാമ്പനാറിൽ ഇന്നുള്ള ശുദ്ധജല വിതരണം തീരെ അപര്യാപ്തമാണെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ചന്തയുടെ നടുക്ക് സ്ഥിതി ചെയ്യുന്ന ഇപ്പോഴത്തെ ടാങ്ക് മുസ്ലീം പള്ളിക്കും പള്ളിക്കൂടത്തിനും ശുദ്ധജലം ലഭിക്കുമാറ് ഉയർന്ന ഒരു സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിനു അടിയന്തിരമായി ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly